SUNDAY 29/09/2024 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

Chief Editor: Nizam S A Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003
Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com
Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 29/09/2024

1. കൊച്ചി സംസ്ഥാന കൃഷി വകുപ്പും കൃഷി വിജ്ഞാൻ കേന്ദ്രയുമായി സഹകരിച്ച് ജില്ലയിലെ 20 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രൊഫ കെ വി തോമസ് വിദ്യാധനം ട്രസ്റ്റ് ആഭിമുഖ്യത്തിൽ നടത്തുന്ന ' വിദ്യാലയങ്ങളിൽ ഫലവൃക്ഷത്തോട്ടം ' എന്ന പദ്ധ തിയുടെ ഉദ്ഘാടനം 30 ന് രാവിലെ 11 ന് തേവര സേക്രട്ട് ഹാർട്ട് കോളേജ് ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിൽ കൃഷി മന്ത്രി പി പ്രസാദ് ഉദ്ഘാടനം ചെയ്യും. പേര, ചെറുനാരകം, ആര്യ വേപ്പ്, പ്ലാവ്, മാവ് തുടങ്ങിയ ഫലവൃക്ഷത്തൈകളും അവയ്ക്ക്നൽകേണ്ട വളങ്ങളും ട്രീ ഗാർഡുകളും ചടങ്ങിൽ വിതരണം ചെയ്യും.

2. പെരുമ്പാവൂർ കേരളത്തിലെ തനത് നാടൻ കന്നുകാലി കർഷകരുടെ സംഗമവും ഏകദിന ശില്പശാലയും ഇന്ന് (29- ന്) രാവിലെ 10-ന് കോടനാട് മാർ ഔഗൻ ഹൈസ്കൂളിൽ നടക്കും. 'കേരളത്തിലെ നാടൻ കന്നുകാലികളുടെ ജനിതക പുരോഗതി' എന്ന ഗവേഷണപദ്ധതിയുടെ ഭാഗമായാണ് പരിപാടി. കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവകലാശാലയുടെ കീഴിലെ മണ്ണുത്തി സെൻ്റർ ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻ അനിമൽ ജനറ്റിക്സ് ആൻഡ് ബ്രീഡിങ്ങിന്റെ നേതൃത്വത്തിൽ രാഷ്ട്രീയ ഗോകുൽ മിഷൻ സാമ്പത്തിക സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. പങ്കെടുക്കുന്നതാനായി കർഷകർ രജിസ്റ്റർ ചെയ്യേണ്ട ഫോൺ നമ്പർ 89214 05285.

3. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിലെ ആവശ്യത്തിനായി നാലു ചക്രമുള്ള ട്രോളി വിതരണം ചെയ്യുന്നതിന് മുദ്ര വച്ച മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. ക്വട്ടേഷനുകൾ സൂപ്രണ്ട്, ജില്ലാകന്നുകാലി വളർത്തൽകേന്ദ്രം, കുടപ്പനക്കുന്ന്,

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

തിരുവനന്തപുരം., എന്ന മേൽ വിലാസത്തിൽ അയക്കേണ്ടതും, ക്വട്ടേഷൻ കവറിനു പുറത്ത് ട്രോളി വിതരണം സംബന്ധിച്ച ക്വട്ടേഷൻ 2024-25 എന്ന് രേഖപ്പെടുത്തിയിരിയ്ക്കേണ്ടതുമാണ്. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തിയതി 07/10/2024-തിയതി രാവിലെ 11 മണിവരെയാണ്. ക്വട്ടേഷൻ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തി ദിവസങ്ങളിൽ ഫാം ഓഫീസുമായി നേരിട്ടോ 0471 2732962 എന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക.

4. കോട്ടയം ജില്ലയിലെ കോഴ ജില്ലാ കൃഷിത്തോട്ടത്തിൽ ടിഷ്യുകൾച്ചർ നേന്ത്രൻ വാഴ തൈകൾ 20 രൂപ നിരക്കിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9383470723 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

5. വെള്ളായണി കാർഷിക കോളേജിലെ ഇൻസ്ട്രക്ഷണൽ ഫാമിൽനിന്നും ഇന്ത്യൻ തേനിച്ചയുടെ കോളനികൾ കൂടൊന്നിന് 1400/- രൂപാനിരക്കിലും. മണ്ണിരക്കമ്പോസ്റ്റിനനുയോജ്യമായ യുഡ്രിലസ് ഇനത്തിൽപ്പെട്ട മണ്ണിരകൾ 100 ഗ്രാമിന് 100 രൂപനിരക്കിലും കോമാടൻ, വെസ്റ്റ് കോസ്റ്റ് ടാൾഎന്നി തെങ്ങിൻ തൈകൾ യഥാക്രമം 130, 120 രൂപാ നിരക്കുകളിലും എല്ലാ പ്രവർത്തി ദിവസങ്ങളിലും സെയിൽസ് കൗണ്ടറിൽ നിന്ന് വിപണനത്തിന് ലഭ്യമാണ്. പ്രവർത്തനസമയം രാവിലെ 9 മുതൽ വൈകിട്ട് 4 മണിവരെ യാണ്. കൂടുതൽ വിവരങ്ങൾക്ക് 0471-2383572, 8848277143 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

6. പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പോഷക സമൃദ്ധി മിഷന്റെ ഭാഗമായി 100 രൂപയ്ക്കുള്ള ഹൈബ്രിഡ് വിത്തു കിറ്റ് കൃഷിഭവൻ വഴി സൗജന്യമായി വിതരണം ചെയ്യുന്നു. സ്ഥിരമായി ഒരു സീസണിലെങ്കിലും പച്ചക്കറി കൃഷി ചെയ്യുന്ന ചെറുകിട കർഷകർ കൃഷിക്കൂട്ടത്തിലെ അംഗങ്ങൾ, ക്ലസ്റ്റർ അടിസ്ഥാനത്തിൽ വാണിജ്യകൃഷി ചെയ്യുന്ന കർഷകർ എന്നിവർക്കാണ് ഹൈബ്രിഡ് വിത്തു കിറ്റ് നൽകുക. ഇതോടൊപ്പം

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഒന്നിന് 3 രൂപ വിലയുള്ള മുളക്, വഴുതന, തക്കാളി, കൊത്തമര, ബീൻസ്, പയർ, വെണ്ട, ശീതകാല പച്ചക്കറികൾ എന്നിവയുടെ ഹൈബ്രിഡ് തൈകളും വിതരണത്തിനുണ്ട്. 50 സെൻറിൽ കൂടുതൽ കൃഷി ചെയ്യുന്ന ചെറുകിട കർഷകർ പദ്ധതി ആനുകൂല്യത്തിന് അർഹരാണ്.

**പരിശീലന പരിപാടി**

7. ക്ഷീരവികസന വകുപ്പിൻ്റെ പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽവച്ച് 2024 ഒക്ടോബർ 07 മുതൽ 18 വരെയുള്ള 10 പ്രവൃത്തി ദിവസങ്ങളിൽ 'ക്ഷീരോല്പന്ന നിർമ്മാണ പരിശീലനം'' വിഷയത്തിൽ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ 2024 ഒക്ടോബർ 5-ാം തീയതിക്കു മുമ്പായി ഫോൺ മുഖേനയോ, നേരിട്ടോ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഫോൺമുഖേന ബന്ധപ്പെടേണ്ട സമയം: രാവിലെ 10.15 വൈകുന്നേരം 5 മണിയ്ക്കും ഇടയ്ക്ക്. രജിസ്ട്രേഷൻ ഫീസ് 135/- രൂപ. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട ഫോൺ നം. 0471- 2440911. മേൽവിലാസം ക്ഷീരപരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി.ഒ., തിരുവനന്തപുരം - 695004

Email ID: principaldtctvm@gmail.comx

8. ഭക്ഷ്യ സംസ്കരണ മേഖലയിൽ സംരംഭങ്ങൾ നടത്തുന്നവരുടെ സംഗമവും ഏകദിന ശില്പശാലയും തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ ഒക്ടോബർ 4-ാം തീയതി സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ 9400483754 എന്ന ഫോൺ നമ്പറിൽ (രാവിലെ 10 മണി മുതൽ വൈകിട്ട് 4 മണി വരെ) രജിസ്റ്റർ ചെയ്യാവുന്നതാണ്.